(ബി) ഇതിൽ ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭിച്ച പ്രവൃത്തികളും പൂർത്തീകരിച്ച പ്രവൃത്തികളും അനുബന്ധം 2*ആയി കൊടുത്തിരിക്കുന്നു.

ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി

2 (1375) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതികളിൽ പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികളിൽ 100 ദിവസമെങ്കിലും ജോലി ചെയ്തിട്ടുള്ളവർക്ക് ആയിരം രൂപ സമാശ്വാസമായി നൽകിവരുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിപ്രകാരം സമാശ്വാസ തുകയായ 1000 രൂപ എത്ര സ്ത്രീതൊഴിലാളികൾക്ക് നൽകിയെന്നറിയിക്കാമോ;

(സി) ഈ പദ്ധതിപ്രകാരം ഏതെല്ലാം വർഷങ്ങളിലാണ് സമാശ്വാസ തുക നൽകിയിട്ടുള്ളത് ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം പണിയെടുത്ത കുടുംബങ്ങളിലെ 90 പ്രവൃത്തിദിനങ്ങൾ പൂർത്തീകരിച്ച സ്ത്രീതൊഴിലാളികൾക്ക് കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യത്തിനായി ഒറ്റത്തവണ 1000 രൂപ ധനസഹായം നൽകുന്നതിനുള്ള പദ്ധതി 2012-13-ൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 2011-12 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം പണിയെടുത്ത 104549 കുടുംബങ്ങളിലെ സ്ത്രീ തൊഴിലാളികൾക്ക് 1000 രൂപ വീതം ധനസഹായം നൽകിയിരുന്നു.

(സി) 2012-13 സാമ്പത്തിക വർഷമാണ് തുക അനുവദിച്ചിട്ടുള്ളത്.

ആലപ്പുഴ ജില്ലയിലെ നബാർഡ് പദ്ധതികൾ

3 (1376) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ആലപ്പുഴ ജില്ലയിലെ പ്രവൃത്തികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പ്രവൃത്തികളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) അനുബന്ധമായി * ചേർത്തിരിക്കുന്നു.

കണ്ണൂർ ജില്ലയിലെ ഹാഡ പദ്ധതി

4 (1377) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാഡ (എച്ച്.എ.ടി.എ) പദ്ധതി പ്രകാരം ഏതെല്ലാം പ്രവൃത്തികളാണ് കണ്ണൂർ ജില്ലയിൽ അനുവദിച്ചിട്ടുള്ളതെന്ന് നിയോജകമണ്ഡല അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(സി) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ മേൽപദ്ധതിപ്രകാരം പരിഗണനയിലുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും,അതിന് ഭരണാനുമതി നൽകാൻ നടപടികൾ സ്വീകരിക്കുമോയെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) 2015-2016 സാമ്പത്തിക വർഷത്തിൽ മലയോര വികസന ഏജൻസി വഴി കണ്ണൂർ ജില്ലയിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ പട്ടികയും അവയുടെ നിലവിലുള്ള അവസ്ഥയും അനുബന്ധം 1* ൽ ചേർത്തിരിക്കുന്നു.

(സി) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ പരിഗണനയിലുള്ള പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധം 2* ആയി കൊടുത്തിരിക്കുന്നു. മേൽ പ്രവൃത്തികൾക്ക് ഹാഡയിൽ നിന്നും ഭരണാനുമതി നൽകുന്നതാണ്.

ഫുൾടൈം കോർഡിനേറ്ററായി നിയമനം

5 (1378) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ ജോലി ചെയ്യാൻ താല്പര്യമുള്ള നോൺ ഗസറ്റഡ് സർക്കാർ ജീവനക്കാർക്ക് ഫുൾടൈം കോർഡിനേറ്ററായി നിയമനം നൽകുവാനുള്ള ഉത്തരവ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly